**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2870** **18.06.2019-ൽ മറുപടിയ്ക്ക്**

# താമരശ്ശേരി ചുരത്തിന് സമാന്തര പാത നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) വയനാട് ചുരത്തിൽ മണ്ണിടിച്ചിൽ മൂലം ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യത്തിൽ വയനാട് താമരശ്ശേരി ചുരത്തിന് സമാന്തരമായി ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി പാത നിർമ്മിക്കുന്ന പദ്ധതി ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് നിയോഗിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുള്ള തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;വിശദമാക്കുമോ; | (സി) & (ഡി) | ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി റോഡിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക സാധ്യതാ പഠനത്തിൽ തുരങ്കപാതയാണ് ഉചിതമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആനക്കാംപൊയിൽ കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>തുരങ്കപാത നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവുമുള്ള കൊങ്കൺ |
| (ഡി) ഈ പാതയുടെ നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൊങ്കൺ റെയിൽവേ കോർപ്പറേഷനെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായുള്ള ചർച്ചകൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12/02/2019 – ലെ G.O(Rt) No. 212/2019/PWD, 31/05/2019 -ലെ G.O(Rt) No.684/2019/PWD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനെ ഡി.പി.ആർ തയ്യാറാക്കാനും, പദ്ധതി നിർവ്വഹണത്തിനുമായുള്ള എസ്.പി.വി ആയി തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. പദ്ധതിക്കായി ഏകദേശം 650 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി കൊങ്കൺ റെയിൽ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ